മലയാള മനോരമ 13 January 2026

# ലക്ഷദ്വീപിലെ മത്സ്യമേഖലയുടെ വികസനം: കർമപദ്ധതിയുമായി ദ്വീപ് ഭരണകൂടം

കൊച്ചി● ലക്ഷദ്വീപിലെ മത്സ്യ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതുൾപ്പെടെ കർമപദ്ധതിയുമായി ദ്വീപ് ഭരണകൂടം.

ഫിഷറീസ്- സമുദ്രക്കൃഷി രംഗത്ത് സാങ്കേതിക മുന്നേറ്റം, സംരംഭകത്വം, നിക്ഷേപം, ചൂര- കടൽപായൽ വിപണി ശൃംഖല തുടങ്ങിയവ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നു ലക്ഷദ്വീപ് ഫിഷറീസ് സെക്രട്ടറി രാജ് തിലക് പറഞ്ഞു.

സിഎംഎഫ്ആർഐയുടെ ലക്ഷദ്വീപ് കൃഷി വിജ്ഞാന കേന്ദ്രവും ഫിഷറീസ് വകുപ്പും ചേർന്നു കവരത്തിയിൽ സംഘടിപ്പിച്ച മത്സ്യമേളയുടെ ഭാഗമായി നടന്ന ശിൽപശാലയിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.



ലക്ഷദ്വീപിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിൽ മത്സ്യോൽപാദനം കൂട്ടണമെന്നു ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, ലക്ഷദ്വീപ് ഫിഷറീസ് ഡയറക്ടർ കെ. ബുസാർ ജംഹർ, ലക്ഷദ്വീപ് കെവികെ മേധാവി ഡോ. പി.എൻ. ആനന്ദ് തുടങ്ങിയവർ ചർച്ചകൾ നയിച്ചു.